# കേരള സംസ്ഥാന മത്സ്യ വികസന ഫെഡറേഷൻ ക്ലിപ്തം
# (മത്സ്യഫെഡ്)
## മണക്കാട് പി.ഒ, തിരുവനന്തപുരം

നം.സി.എം.ഡി/എം.എഫ്/05/2020 മെയ് 27, 2020

**വിജ്ഞാപനം**

കേരള സംസ്ഥാന മത്സ്യ വികസന ഫെഡറേഷൻ ക്ലിപ്തം (മത്സ്യഫെഡ്) ലേയ്ക്ക് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.)മുഖാന്തരം യോഗ്യരായ അപേക്ഷകരിൽ നിന്നും വിവിധ തസ്തികകളിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിക്കുന്നു. താത്പര്യമുള്ളവർക്ക് മത്സ്യഫെഡിന്റെ (www.matsyafed.in) അല്ലെങ്കിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (www.cmdkerala.net) വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചു തുടങ്ങുന്ന തീയതി : 27-05-2020 (രാവിലെ 10 മണി മുതൽ)**
**ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 10-06-2020 (വൈകീട്ട് 5 മണി വരെ)**

**യോഗ്യതയ്ക്കായുള്ള കട്ട് ഓഫ് തീയതികൾ**

പ്രായ മാനദണ്ഡത്തിൽ യോഗ്യത നേടുന്നതിനുള്ള കട്ട് ഓഫ് തീയതി – (01-05-2020).

തസ്തികയ്ക്ക് ആവശ്യമായ യോഗ്യത നേടിയതിനു ശേഷമുള്ള പ്രവർത്തി പരിചയം മാത്രമേ കണക്കാക്കുകയുള്ളു. പ്രവർത്തി പരിചയത്തിന്റെ കട്ട് ഓഫ് തീയതി – 01-05-2020

**ഫോട്ടോഗ്രാഫും അപേക്ഷകരുടെ ഒപ്പും സ്കാൻ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ:**

1. അപേക്ഷകരുടെ ഏറ്റവും പുതിയ ഫോട്ടോ (പാസ്പ്പോർട്ട് സൈസ്, 6 മാസത്തിനുള്ളിൽ എടുത്തതായിരിക്കണം) സ്കാൻ ചെയ്ത് ഓൺലൈൻ ആപ്ലിക്കേഷനിൽ നൽകിയിട്ടുള്ള സ്ഥലത്ത് അപ്ലോഡ് ചെയ്യുക. (സ്കാൻ ചെയ്ത ചിത്രം .jpg ഫോർമാറ്റിൽ ആയിരിക്കണം. ഫോട്ടോയുടെ വലുപ്പം 200 kb യിൽ കൂടാൻ പാടില്ല)
2. അപേക്ഷകർ അവരുടെ സ്വന്തം ഒപ്പ് സ്കാൻ ചെയ്ത് ഓൺലൈൻ ആപ്ലിക്കേഷനിൽ നൽകിയിട്ടുള്ള സ്ഥലത്ത് അപ്ലോഡ് ചെയ്യുക. (സ്കാൻ ചെയ്ത ചിത്രം .jpg ഫോർമാറ്റിൽ ആയിരിക്കണം. വലുപ്പം 50 kb യിൽ കൂടാൻ പാടില്ല)
3. അപേക്ഷകന്റെ മുഴുവൻ ഒപ്പും സ്കാൻ ചെയ്യണം. ഒപ്പ് യഥാർത്ഥവും, പൂർണ്ണവുമായിരിക്കണം. ഇനീഷ്യലുകൾ പര്യാപ്തമല്ല. ക്യാപിറ്റൽ ലെറ്ററുകളിൽ ഒപ്പ് അനുവദനീയമല്ല.

**തസ്തികകളുടെ വിശദാംശങ്ങൾ:**

| ക്രമ നമ്പർ | തസ്തിക | യോഗ്യതയും പ്രവർത്തി പരിചയവും | പ്രായപരിധി (01.05.2020 വരെ) | വേതനം |
|---|---|---|---|---|
| 1. | മാനേജ്മെന്റ് ട്രെയിനി (മാർക്കറ്റിംഗ്)<br><br>*10 ഒഴിവുകൾ* | a. എം.എഫ്.എസ്.സി./ബി.എഫ്.എസ്.സി./എം.എസ്.സി. (ഇൻഡസ്ട്രിയൽ ഫിഷറീസ്)/ എം.എസ്.സി. (അക്വാട്ടിക് ബയോളജി & ഫിഷറീസ്)/ എം.എസ്.സി.(മറൈൻ ബയോള ജി)/ എം.എസ്.സി (അപ്ലൈഡ് ഫിഷറീസ് & അക്വാകൾച്ചർ)/ എം.എസ്.സി (അക്വാകൾച്ചർ & ഫിഷറീസ് മൈക്രോബയോ ളജി)/ എം.എസ്.സി (അക്വാകൾച്ചർ & ഫിഷ് പ്രോസസ്സിംഗ്)/ എം.എസ്.സി (സുവോളജി) & MBA (മാർക്കറ്റിംഗ്) 1st class ബിരുദം. (MBA (മാർക്കറ്റിംഗ്) ബിരുദം അംഗീകൃത സർവ്വകലാ ശാല 2 വർഷം Full Time കോഴ്സ് ആയിരിക്കണം).<br><br>അല്ലെങ്കിൽ | 30 വയസ്സിൽ കൂടാൻ പാടില്ല | a. പ്രതിമാസം 20,000/- രൂപ സഞ്ചിത വേതനം |
| | | b. ഒന്നാം ക്ലാസ്സ് ബിരുദത്തോടൊപ്പം അംഗീകൃത സർവ്വകലാ ശാലയിൽ നിന്നും MBA (മാർക്കറ്റിംഗ്) 1st class ബിരുദം. (MBA (മാർക്കറ്റിംഗ്) ബിരുദം അംഗീകൃത സർവ്വകലാശാല 2 വർഷം Full Time കോഴ്സ് ആയിരിക്കണം). | | b. പ്രതിമാസം 18,000/- രൂപ സഞ്ചിത വേതനം |
| 2. | മാനേജ്മെന്റ് ട്രെയിനി (അക്കൗണ്ടിംഗ്)<br><br>*10 ഒഴിവുകൾ* | അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ബി.കോം ബിരുദവും, അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും പൂർത്തീകരിച്ച 1st class MBA (Finance) ബിരുദവും യോഗ്യത. (MBA (Finance) 2 വർഷം Full Time കോഴ്സ് അംഗീകൃത സർവ്വകലാശാലയിൽ നിന്ന്). ടാലി/കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗിലെ അറിവ് അഭി കാമ്യം.<br><br>അല്ലെങ്കിൽ<br><br>സി.എ. (ഇന്റർ) + ടാലി/ കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗിലെ അറിവ് അഭികാമ്യം. | 30 വയസ്സിൽ കൂടാൻ പാടില്ല | പ്രതിമാസം 18,000/- രൂപ സഞ്ചിത വേതനം |

| ക്രമ നമ്പർ | തസ്തിക | യോഗ്യതയും പ്രവർത്തി പരിചയവും | പ്രായപരിധി (01.05.2020 വരെ) | വേതനം |
|---|---|---|---|---|
| 3. | മാനേജ്മെന്റ് ട്രെയിനി (ടെക്നിക്കൽ)<br><br>സിവിൽ എഞ്ചിനീയറിംഗ് – *3 ഒഴിവുകൾ*<br><br>ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് – *2 ഒഴിവുകൾ*<br><br>മെക്കാനിക്കൽ എഞ്ചിനീയറിംഗ് – *4 ഒഴിവുകൾ* | അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ഒന്നാം ക്ലാസ്സ് ബി. ടെക് ബിരുദം. (സിവിൽ എഞ്ചിനീയറിംഗ്/ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്/മെക്കാനിക്കൽ എഞ്ചിനീയറിംഗ്) | 30 വയസ്സിൽ കൂടാൻ പാടില്ല | പ്രതിമാസം 18,000/- രൂപ സഞ്ചിത വേതനം |
| 4. | ജൂനിയർ എക്സിക്യൂട്ടീവ് (മാർക്കറ്റിംഗ്)<br><br>*1 ഒഴിവ്* | എം.എഫ്.എസ്.സി./ബി.എഫ്.എസ്.സി./എം.എസ്.സി. (ഇന്റസ്ട്രിയൽ ഫിഷറീസ്) എം.എസ്.സി. (അക്വാട്ടിക് ബയോളജി & ഫിഷറീസ്)/എം.എസ്.സി (മറൈൻ ബയോളജി)/ എം.എസ്.സി. (അപ്ലൈഡ് ഫിഷറീസ് & അക്വാകൾച്ചർ)/എം.എസ്.സി. (അക്വാകൾച്ചർ & ഫിഷറീസ് മൈക്രോബയോളജി)/ എം.എസ്.സി. (അക്വാകൾച്ചർ & ഫിഷ് പ്രോസസ്സിംഗ്) എം.എസ്.സി (സുവോളജി) & MBA (മാർക്കറ്റിംഗ്) 1st class ബിരുദം. (MBA (മാർക്കറ്റിംഗ്) ബിരുദം അംഗീകൃത സർവ്വകലാശാലയുടെ 2 വർഷം Full Time കോഴ്സ് ആയിരിക്കണം).<br><br>മത്സ്യവിപണനം/മത്സ്യ വ്യവസായത്തിൽ 5 വർഷത്തെ പ്രവൃത്തി പരിചയം. (Post Qualification Experience) | ജനറൽ കാറ്റഗറി : 18 വയസ്സ് മുതൽ 40 വയസ്സ് വരെ<br><br>ഒ.ബി.സി. : 18 വയസ്സ് മുതൽ 43 വയസ്സ് വരെ<br><br>എസ്. സി /എസ്.റ്റി. : 18 വയസ്സ് മുതൽ 45 വയസ്സ് വരെ | പ്രതിമാസം 40,000/- രൂപ സഞ്ചിത വേതനം |

| ക്രമ നമ്പർ | തസ്തിക | യോഗ്യതയും പ്രവർത്തി പരിചയവും | പ്രായപരിധി (01.05.2020 വരെ) | വേതനം |
|---|---|---|---|---|
| 5. | ജൂനിയർ എക്സിക്യൂട്ടീവ് (അക്വാകൾച്ചർ)<br><br>*1 ഒഴിവ്* | എം.എഫ്.എസ്.സി./ബി.എഫ്.എസ്.സി./എം.എസ്.സി. (ഇന്റസ്ട്രിയൽ ഫിഷറീസ്) /എം.എസ്.സി. (അക്വാട്ടിക് ബയോളജി & ഫിഷറീസ്)/എം.എസ്.സി (മറൈൻ ബയോളജി)/എം.എസ്.സി. (അപ്ലൈഡ് ഫിഷറീസ് & അക്വാകൾച്ചർ)/എം.എസ്.സി. (അക്വാകൾച്ചർ & ഫിഷറീസ് മൈക്രോബയോളജി)/എം.എസ്.സി. (അക്വാകൾച്ചർ & ഫിഷ് പ്രോസസ്സിംഗ്)/ എം.എസ്.സി (സുവോളജി) & MBA 1st class ബിരുദം. (MBA ബിരുദം അംഗീകൃത സർവ്വകലാശാലയുടെ 2 വർഷം Full Time കോഴ്സ് ആയിരിക്കണം).<br><br>മത്സ്യകൃഷി മേഖലയിൽ 5 വർഷത്തെ പ്രവൃത്തി പരിചയം. (Post Qualification Experience) | ജനറൽ കാറ്റഗറി : 18 വയസ്സ് മുതൽ 40 വയസ്സ് വരെ<br><br>ഒ.ബി.സി. : 18 വയസ്സ് മുതൽ 43 വയസ്സ് വരെ<br><br>എസ്. സി /എസ്.റ്റി. : 18 വയസ്സ് മുതൽ 45 വയസ്സ് വരെ | പ്രതിമാസം 40,000/- രൂപ സഞ്ചിത വേതനം |
| 6. | ജൂനിയർ എക്സിക്യൂട്ടീവ് (പ്രോജക്ട്സ്)<br><br>*1 ഒഴിവ്* | എം.എഫ്.എസ്.സി./ബി.എഫ്.എസ്.സി./എം.എസ്.സി. (ഇന്റസ്ട്രിയൽ ഫിഷറീസ്)/എം.എസ്.സി. (അക്വാട്ടിക് ബയോളജി & ഫിഷറീസ്)/എം.എസ്.സി(മറൈൻ ബയോളജി)/എം.എസ്.സി. (അപ്ലൈഡ് ഫിഷറീസ് & അക്വാകൾച്ചർ)/ എം.എസ്.സി.(അക്വാകൾച്ചർ & ഫിഷറീസ് മൈക്രോബയോളജി)/എം.എസ്.സി. (അക്വാകൾച്ചർ & ഫിഷ് പ്രോസസ്സിംഗ്)/ എം.എസ്.സി (സുവോളജി) & MBA 1st class ബിരുദം. (MBA ബിരുദം അംഗീകൃത സർവ്വകലാശാലയുടെ 2 വർഷം Full Time കോഴ്സ് ആയിരിക്കണം).<br><br>പ്രസ്തുത മേഖലയിൽ 5 വർഷത്തെ പ്രവൃത്തി പരിചയം. (Development Projects/Financing for Development Projects/ Project assessment and monitoring / Micro Financing etc.) | ജനറൽ കാറ്റഗറി : 18 വയസ്സ് മുതൽ 40വയസ്സ് വരെ<br><br>ഒ.ബി.സി. : 18 വയസ്സ് മുതൽ 43വയസ്സ് വരെ<br><br>എസ്. സി /എസ്.റ്റി.18 വയസ്സ് മുതൽ 45 വയസ്സ് വരെ | പ്രതിമാസം 40,000/- രൂപ സഞ്ചിത വേതനം |
| 7. | ക്വാളിറ്റി സൂപ്പർവൈസർ<br><br>*5 ഒഴിവുകൾ* | വി.എച്ച്.എസ്.ഇ. (ഫിഷ് പ്രോസസിംഗ് ടെക്നോളജി)<br><br>പ്രസ്തുത മേഖലയിൽ 3 വർഷത്തെ പ്രവർത്തി പരിചയം. | ജനറൽ കാറ്റഗറി : 18 വയസ്സ് മുതൽ 40വയസ്സ് വരെ<br><br>ഒ.ബി.സി. : 18 വയസ്സ് മുതൽ 43വയസ്സ് വരെ<br><br>എസ്. സി /എസ്.റ്റി. 18 വയസ്സ് മുതൽ 45വയസ്സ് വരെ | പ്രതിമാസം 12,000/- രൂപ സഞ്ചിത വേതനം |

**<u>പൊതു നിർദ്ദേശങ്ങൾ:</u>**

1. അപേക്ഷിക്കുന്നതിനു മുമ്പ് വിജ്ഞാപനം പൂർണ്ണമായി വായിച്ച് മനസ്സിലാക്കി യോഗ്യരാണെന്ന് ഉറപ്പുവരുത്തുക.
2. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിലെ പൊരുത്തക്കേടുകൾക്ക് സി.എം.ഡി. ഉത്തരവാദിയല്ല.
3. അപേക്ഷകർ നിർബന്ധമായും എല്ലാ വിവരങ്ങളും പൂരിപ്പിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.
4. അപൂർണ്ണമായ/തെറ്റായ അപേക്ഷഫോം നിരുപാധികം നിരസിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് മുഴുവൻ വിവരങ്ങളും ചേർക്കണം. സൂക്ഷ്മ പരിശോധനയിൽ എന്തെങ്കിലും വീഴ്ച കണ്ടെത്തിയാൽ, റിക്രൂട്ട്മെന്റ് പ്രക്രിയയുടെ അവസാന ഘട്ടത്തിലോ പിന്നീടുള്ള ഘട്ടത്തിലോ അപേക്ഷ നിരസിക്കപ്പെടുന്നതാണ്.
5. അപേക്ഷാഫോം പൂരിപ്പിക്കുമ്പോൾ അപേക്ഷകർ തെറ്റായ, കെട്ടിച്ചമച്ച വിവരങ്ങൾ നൽകരുത്. വിവരങ്ങൾ മറച്ചുവയ്ക്കുവാനും പാടില്ല. ഓൺലൈൻ അപേക്ഷാഫോമിൽ നൽകിയിട്ടുള്ള വിശദാംശങ്ങൾ അപേക്ഷകർ ഹാജരാക്കിയ ഒറിജിനൽ രേഖകളുമായി പൊരുത്തക്കേടുണ്ടെങ്കിൽ, അപേക്ഷ നിരസിക്കപ്പെടുന്നതാണ്.
6. പരസ്യപ്പെടുത്തിയ തസ്തികകളിലെ ഒഴിവുകൾ നികത്താനോ നികത്താതിരിക്കാനോ ഉള്ള അവകാശം മത്സ്യഫെഡ്/സി.എം.ഡി. യിൽ നിക്ഷിപ്തമാണ്.
7. അപേക്ഷകരുടെ യോഗ്യതാനന്തര പ്രവർത്തിപരിചയം മാത്രമേ പരിഗണിക്കുകയുള്ളൂ.
8. അപേക്ഷകർക്ക് സാധുവായ ഒരു വ്യക്തിഗത ഇ-മെയിൽ ഐഡിയും മൊബൈൽ നമ്പറും ഉണ്ടായിരിക്കണം, അത് ഈ റിക്രൂട്ട്മെന്റ് പ്രക്രിയ പൂർത്തിയാകുന്നതുവരെ സജീവമായി സൂക്ഷിക്കുകയും വേണം. രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡി വഴി എഴുത്തു പരീക്ഷ/ഗ്രൂപ്പ് ചർച്ച/അഭിമുഖത്തിനുള്ള കോൾ ലെറ്ററുകൾ ഡൗൺലോഡ് ചെയ്യാൻ സി.എം.ഡി. അറിയിപ്പ് അയച്ചേക്കാം. അപേക്ഷകന് വ്യക്തിഗത ഇ-മെയിൽ ഐഡി ഇല്ലെങ്കിൽ പുതുതായി ഇ-മെയിൽ ഐഡി സൃഷ്ടിക്കണം. ഓൺലൈനായി അപേക്ഷിക്കുന്നതിന് മുമ്പ് ഇ-മെയിൽ ഐഡിയും മൊബൈൽ നമ്പറും ഉണ്ടെന്ന് ഉറപ്പുവരുത്തുക.
9. പ്രവർത്തി പരിചയ സർട്ടിഫിക്കേറ്റിന് പകരമായി നിയമന കത്തുകൾ, ശമ്പള സർട്ടിഫിക്കേറ്റുകൾ, പേ സ്ലിപ്പ് തുടങ്ങിയവയുടെ പകർപ്പ് സ്വീകരിക്കുന്നതല്ല.

ഒപ്പ്

അധികാരപ്പെട്ട മേലധികാരി